അടയാളങ്ങൾ

എം. പി. പ്രതീഷ്

അടയാളങ്ങൾ
എം. പി. പ്രതീഷ്
(മലയാളം: കവിത)

© 2021, M. P. Pratheesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Nora Frenkel-Bather, a painting.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

അടയാളങ്ങൾ

മരണം കഴിഞ്ഞും പോവാതിരിക്കുന്ന
ദേഹത്തു
ചുണ്ടുകൾ
മരത്തിന്റെ വിരലുകൾ

◇ ◇ ◇

ഉടലിനകത്ത് മടങ്ങിയൊതുങ്ങിയിരിക്കുന്ന
എല്ലുകളിൻമേൽ ചുരുക്കിയെഴുതി
മൃഗങ്ങളുടെയും
ചുഴലിക്കാറ്റുകളുടെയും ഉരഗങ്ങളുടെയും
പേരുകൾ

◇ ◇ ◇

വിദൂരവൃക്ഷങ്ങളിൽ നിന്ന്
രാത്രിയുടെ പൊടി കൊണ്ടുവന്നു
എല്ലാ മുറിവുകളിലും കുടഞ്ഞിട്ട്
ഊതിയൂതിയുണക്കി

◇ ◇ ◇

ഗ്രഹങ്ങൾ
നീങ്ങുന്ന
പാതകൾ
പ്രകാശവലയങ്ങൾ തീക്കല്ലുകൾ
കാണാപ്രാണികൾ വാൽനക്ഷത്രങ്ങൾ
എല്ലാം ചിറകിലുണ്ട്
രാത്രികൾക്കു
മീതെവന്നനങ്ങാതിരുന്നു

◇ ◇ ◇

ഓരോ മരത്തിന്റെയും
ശ്വാസത്തിനുള്ളിലൂടെ പറന്നു പോവുന്നു
കിളികൾ
അവയുടെ യാത്രാവിവരണങ്ങൾ

◇ ◇ ◇

മുറിവിനുള്ളിൽ
പറവയുടെ
നിഴൽ
ഉണ്ട്
ഉണങ്ങിയ
കലയിൽ
കാൽനഖങ്ങൾ

◇ ◇ ◇

മരങ്ങൾക്കും വെള്ളത്തിനും
തകരഷീറ്റിനും തടിപ്പലകക്കും
കല്ലിനുമുള്ളിലൂടെക്കടന്ന്
കാതിൽക്കൽ വന്നു നിന്നു

ഏറ്റവും മൂർച്ചയുള്ള വസ്തുവാണ്
കിളിയുടെ കരച്ചിൽ

◇ ◇ ◇

ആ മരം വിട്ടുയർന്നു പറന്ന പക്ഷി
വെവ്വേറെ രണ്ടുമരങ്ങളിൽ ചേക്കേറുന്നു
പാതിയുടൽ പാതിയുടലിനെ
നോക്കി നിൽക്കുമ്പോലെ
കണ്ടു നിൽക്കുന്നു



◇ ◇ ◇

സന്ധ്യകളിൽ ഞാൻ കണ്ണാടി നോക്കും
അല്പമിരുളിൽ അല്പം വെളിച്ചത്തിൽ

മരമോ കല്ലോ
മൃഗമോ പറവയോ
എന്നു നോക്കും

◇ ◇ ◇

വിരലുകൾ എല്ലാം മറന്നു പോയിരുന്നു

ആ വലിയ മരത്തിൻമേലുള്ള പരുന്തിന്റെ
നിറം
ഉറങ്ങുന്ന
വെള്ളക്കെട്ടിന്റെ
ആഴം

വിരലുകൾ എല്ലാത്തിലും
തൊട്ടു നോക്കാൻ തുടങ്ങി
വെളിച്ചത്തിന്റെ വേദനിക്കുന്ന
തൊലികളിലും
നിഴലുകളിലും

◇ ◇ ◇

സന്ധ്യകൾ രാത്രികൾക്കു പകരുന്നതെന്താണ്?
ഒഴിഞ്ഞ മരപ്പൊത്തുകളിലെ നിശ്ശബ്ദതയോ
നനഞ്ഞ വരമ്പുകളുടെ ശ്വാസമോ?

ചിറകുകൾ ഒന്നൊതുക്കിവെച്ചു
കാലടികളിൽ തൊട്ടു
ഒഴുകിയൊഴുകിയുണങ്ങി
കട്ട പിടിച്ചിരിക്കുന്നു, മുറിവ്

ഏഴ് കിളികളുടെ ഒരു കൂട്ടം
കള്ളിപ്പാലയുടെ മണം
മാളങ്ങളുടെയും കുറ്റിക്കാടുകളുടെയും കാത്തിരിപ്പ്
എല്ലാം കലങ്ങിപ്പരന്ന്

കാണാതാവുന്ന സന്ധ്യയിൽ

വാക്കുകൾ ഭൂമിക്കു പകരുന്നതെന്താണ്?

◇ ◇ ◇

ചത്ത പൂമ്പാറ്റയെ മലർത്തിവെച്ചു
പെട്ടെന്ന് പകൽ അവസാനിച്ചു

ആച്ചെരുവിലെ ഇരുട്ടെല്ലാം
ഈച്ചെരുവിൽ പരന്നു
നിറം തേച്ച പുള്ളിക്കുത്തുകൾ
ഭൂമിയുടെ മറുപാതിയിലേക്കു പോയി

ഞാൻ എങ്ങും പോയില്ല
അതിന്റെ അനക്കമറ്റ ആറു
കാലുകളിലും മുറുക്കെപ്പിടിച്ചു നിന്നു

◇ ◇ ◇

കുറേക്കാലം കാറ്റിൽ നോക്കി നിന്നു

ഇലകളുടെ നിറം അതിൽക്കലർന്ന്
താഴേയ്ക്കു വീഴുന്നതു കണ്ടു

ആ ഇലകൾ ഒരു നോട്ടുബുക്കിൽ ഒട്ടിച്ചു വെച്ചു

കുറേക്കാലം മരങ്ങളിൽ നോക്കിനിന്നു

തീ പിടിക്കുന്നതും കുതിർന്നുപോവുന്നതും

പിന്നെയും കുറേക്കാലം കഴിഞ്ഞ്
നോട്ടുബുക്കിൽ പൂപ്പലിന്റെ
പടർപ്പു വളർന്നതു കണ്ടു

കാടിനു നേർക്ക് പതിയെ നീങ്ങുന്ന കാറ്റിന്റെ
ഭാരമുള്ള കാൽപ്പാടുകൾ കണ്ടു

◇ ◇ ◇

എത്ര കാലങ്ങൾ കൊണ്ട്
മരങ്ങൾ കല്ലുകളായിത്തീരുന്നു
എത്ര കാലങ്ങൾ
കല്ലുകൾ
വൃക്ഷങ്ങൾ

◇ ◇ ◇

ആ പനയുടെ ചുറ്റിലും
ഇപ്പോഴും രാത്രിയായിട്ടില്ല
ആ പൊത്തിൽക്കഴിയുന്ന പക്ഷി
ഇനിയും മടങ്ങി വന്നിട്ടില്ല

◇ ◇ ◇

കാളന്തട്ടയുടെ ചുവട്ടിൽ
ചമ്മലകൾക്കിടയിൽ നിന്ന്
കറുത്ത തോടുള്ള
ചന്ദ്രക്കലകൾ പെറുക്കി

എപ്പോഴാണ് വേനൽക്കാലം
കഴിഞ്ഞു പോയത്?
എപ്പോഴാണ് രാത്രികൾ കഴിഞ്ഞു പോയത്?

◇ ◇ ◇

പാടത്തിന്റെ വക്കിൽ
കൂട്ടം വിട്ടു ചേക്കേറിയ ഒരു ദേശാടനക്കിളി
പാർപ്പുണ്ട്

കാറ്റു കാലം കഴിഞ്ഞപ്പോളൊരു നാൾ
അത് നാലു ദിക്കിലേക്കും തിരികെപ്പറന്നു പോയി
ഭൂമിയുടെ നാലതിരിലും
അതിന്റെ നാടുണ്ട്



◇ ◇ ◇

കടൽക്കാക്കകൾ രണ്ടു കാലത്തിലും പറക്കുന്നു
കൂടുകളെപ്പറ്റിയുള്ള ഈ കവിതയിലും
ഇരുണ്ട കടലുകളെക്കുറിച്ചുള്ള
നമ്മുടെ സംഭാഷണത്തിലും

◇ ◇ ◇

ഒരു ചെറിയ നോട്ടുപുസ്തകത്തിലൊട്ടിച്ചു;

പ്രാണിയടർന്ന ചിറക്
പച്ചവാർന്നിലകൾ
വേർപെട്ട തോടുകൾ

പതിനായിരം വരികളുണ്ടാക്കി

◇ ◇ ◇

ചെറിയ കടലാസ്സ്
രണ്ടു തവണ മടക്കി
നാലിലൊന്നു ചതുരമാക്കി
തോടിന്നപ്പുറത്തെക്കാട്ട്
അതുപോലെ മടങ്ങുന്നില്ല

◇ ◇ ◇

കത്തുന്ന സൂര്യനെച്ചുറ്റിയാണ്
ദിക്കു തെറ്റാതെ
നേരം പിഴയ്ക്കാതെ
ചെമ്പരത്തി ഈയിരുണ്ട
വേലിപ്പടർപ്പിലെത്തുന്നു

◇ ◇ ◇

കാടിന്നകത്തെ പാറയിടുക്കുകളിൽ നിന്ന്
അവ,
മീനുകൾ
ദേശാടകർ
മടങ്ങി വരികയില്ല,

കടലിന് അതിന്റെ നീലനിറം
ഇനി തിരികെക്കിട്ടുകയില്ല

◇ ◇ ◇

മടക്കുകൾ നിവർത്തുന്നില്ല;
ഓരോ അടരിലൂടെയും കടന്ന്
താഴെത്തറയിലെത്തി-
ത്തണുക്കുന്ന
ചോര മാത്രം, ആ ശീലയിൽ
കരച്ചിൽ കേൾക്കുന്നു

◇ ◇ ◇

വെള്ളത്തിന് ഭാരം കുറവാണ്
പാറ്റയുടെ നിറമില്ലാത്ത
ചിറകുകൾ മരണം
കഴിഞ്ഞ അതിന്റെ മെയ്യിനേക്കാൾ
താഴ്ന്നിരിക്കുന്നു
അടിത്തട്ടിൽ

◇ ◇ ◇

തുരുമ്പിച്ച ജനലുകൾ തുറന്നു
കിളികളുടെ ഉണങ്ങിയ മണം വന്നു

അത്രയും കാലം കഴിഞ്ഞ്
ഒഴിഞ്ഞ പെയിന്റു ടിന്നുകൾ
തുറക്കാൻ പ്രയാസമാണ്



◇ ◇ ◇

ആദ്യത്തെ വാക്യം
ഒരു പക്ഷിയെപ്പറ്റിയാണ്, തീർച്ച.

അതുകഴിഞ്ഞുള്ളതൊന്നും
എനിക്കെഴുതാനായില്ല.
എന്തായിരുന്നെന്ന് ഓർമ്മിക്കാനോ
എത്ര ദീർഘമായതെന്ന്
പറയാനോ കഴിഞ്ഞില്ല.
അവസാന വാക്യത്തിനു
തൊട്ടു മുൻപ് ഇങ്ങനെയെഴുതി;

'കത്തുന്ന വീടിന്റെ ഇറയിൽ, ഒരു കിളിക്കൂടുണ്ട്'

ഒടുവിലത്തെ വാക്യം ഹ്രസ്വമായിരുന്നു;

'അത്, ഓരോ മരണങ്ങൾക്കു ശേഷവും
ഈ ശിഖരത്തിലേക്കു തന്നെ വന്നു പാർത്തു'

ഈ ജന്മത്തിലും ആ വാക്യം,
അതെനിക്ക് തെറ്റാതെ എഴുതാനാവും.

□

എം. പി. പ്രതീഷ്

കവി. ആവിയന്ത്രം, മീൻ പാത, കവിതയുടെ പുസ്തകം, മണ്ണും വെള്ളവും, സങ്കടപ്പുസ്തകം, പിറവെള്ളം, ദേശാടനങ്ങൾ തുടങ്ങി ഏഴ് കാവ്യസമാഹാരങ്ങൾ. ഇലകളും ചിറകുകളും, മുറിവുകളുടെയും ആനന്ദത്തിന്റെയും പുസ്തകം, വിത്തുമൂട, പാർപ്പിടങ്ങൾ എന്നിവ മറ്റു രചനകൾ.

ചിത്രങ്ങൾ: വി. മോഹനൻ

RIVER VALLEY
DIGITAL LIBARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014